**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - വാളകം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. എൻ. അനിൽകുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ ശ്രീ. പി.യു. സലീം എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2296/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 20.08.2018

================================================================

പരാമർശം: 1. ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) സമർപ്പിച്ച 18.01.2018-ലെ ഡി2/11866/സിആർ/2010 നമ്പർ കത്ത്

2. പോലീസ് സൂപ്രണ്ട്, സി.ബി.സി.ഐ.ഡി. ഒ.സി. ഡബ്ല്യൂ II, എറണാകുളം സമർപ്പിച്ച 11.01.2018-ലെ റിപ്പോർട്ട്

**ഉത്തരവ്**

സി.ബി.സി.ഐ.ഡി. ക്രൈം 921/CR/OCW I/TVM/12 നമ്പർ ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ വാളകം ഗ്രാമപഞ്ചായത്തിന്റെ 62,757/- രൂപ കേരള സർക്കാരിനെ ചതി ചെയ്ത് നിയമവിരുദ്ധമായി കൈപ്പറ്റി പ്രതികൾ 465, 468, 471, 420, 109, 120(ബി) R/w34 IPC പ്രകാരമുള്ള ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുള്ളതായി സാക്ഷി മൊഴികളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും, മൂവാറ്റുപുഴ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കണ്ടെത്തിയ കുറ്റം ചുവടെ ചേർക്കുന്നു.

ഒന്നാം പ്രതി ശ്രീ. രാജു പി.എ, രണ്ടാം പ്രതി എൻ. അനിൽകുമാർ, സെക്രട്ടറി, , വാളകം ഗ്രാമപഞ്ചായത്ത്, മൂന്നാം പ്രതി ശ്രീമതി. എം.എം. സുബൈദ, മുൻ സെക്ഷൻ ക്ലാർക്ക്, വാളകം ഗ്രാമപഞ്ചായത്ത്, നാലാം പ്രതി ശ്രീ. പി.യു. സലീം, മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ, വാളകം ഗ്രാമപഞ്ചായത്ത്, അഞ്ചാം പ്രതി ശ്രീ. രാജേഷ് എന്നിവർ ഗൂഢാലോചന നടത്തി വാളകം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടുള്ള മേക്കടമ്പ് സർവ്വീസ് സഹകരണ ബാങ്കിലെ 143-ാം അക്കൗണ്ട് മുഖേന 111965-ാം നമ്പർ ചെക്ക് പ്രകാരം കൈപ്പറ്റിയ 62,924/- രൂപയിൽ നിന്നും 62,756 രൂപ 2-ഉം 3-ഉം പ്രതികൾ ചേർന്ന് 1-ഉം 4-ഉം പ്രതികളെ ഏൽപ്പിച്ച് ടി പ്രതികൾ മൂവാറ്റുപുഴ ഫെഡറൽ ബാങ്കിൽ എത്തി 1-ാം പ്രതി തന്റെ 611-ാം നമ്പർ ഒ.ഡി.

അക്കൗണ്ട് മുഖേന ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചിയുടെ പേരിൽ 62,756/- രൂപയുടെ ഡി.ഡി. എടുത്ത ശേഷം ടി ഡി.ഡി., 2-ഉം 3 ഉം പ്രതികളുടെ ഒത്താശയോടെ ഒന്നാം പ്രതി ക്യാൻസൽ ചെയ്ത് ടിയാന്റെ ടി ബാങ്കിലുള്ള 611-ാം നമ്പർ ഒ.ഡി. അക്കൗണ്ട് മുഖേന കൈപ്പറ്റി വാളകം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട റോഡു വർക്കുകൾക്ക് ബിറ്റുമിൻ വാങ്ങിയെന്ന വ്യാജേന 5-ാം പ്രതിയിൽ നിന്നും ഭാരത് പെട്രോളിയം കോർപ്പറേഷൻ കൊച്ചിയുടെ പേരിലുള്ള വ്യാജ ബിറ്റുമിൻ ഇൻവോയിസിൽ ടി ഡി.ഡി. നമ്പരും തീയതിയും തുകയും ഉൾപ്പെടെ രേഖപ്പെടുത്തി വാങ്ങി വാളകം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കി 1 മുതൽ 5 വരെ പ്രതികൾ ചേർന്ന് കേരള സർക്കാരിനെ ചതി ചെയ്ത് സർക്കാർ പണമായ 62,756/- രൂപ നിയമവിരുദ്ധമായി കൈപ്പറ്റി പ്രതികൾ 465, 468, 471, 420, 109, 120(ബി) R/w 34 IPC പ്രകാരമുള്ള ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാരിനെ ചതി ചെയ്ത് സർക്കാർ പണം 62,756/-രൂപ തട്ടിയെടുത്തുവെന്നും സർക്കാർ ഫണ്ടും പഞ്ചായത്തിന്റെ തനതു ഫണ്ടും തമ്മിൽ വ്യത്യാസമുണ്ടെന്നും സി.ബി.സി.ഐ.ഡി. യുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സി.ബി.സി.ഐ.ഡി. യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 465, 468, 471, 420, 409, 120(ബി) r/w 34 എന്നീ വകുപ്പുകൾ ചാർജ്ജ് ചെയ്ത് അന്വേഷണ റിപ്പോർട്ട് കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ രണ്ടാം പ്രതി ശ്രീ. എൻ. അനിൽകുമാർ, സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത്, മൂന്നാം പ്രതി ശ്രീമതി. എം.എം. സുബൈദ, മുൻ സെക്ഷൻ ക്ലാർക്ക്, വാളകം ഗ്രാമപഞ്ചായത്ത്, നാലാം പ്രതി ശ്രീ. പി.യു. സലീം, മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, (ക്രൈംസ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. ആഭ്യന്തര വകുപ്പ് (എം3/17/2018/ആഭ്യന്തരം)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/33/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ